"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 ഒക്ടോബർ 21-25 തീയതികളിൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് & പഞ്ചായത്തി രാജിൽ നടന്ന "ട്രെയിനിംഗ് പ്രോഗ്രാം ഓൺ അസറ്റ് ക്രിയേഷൻ അണ്ടർ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആന്റ് സോഷ്യോ-ഇക്കോളജിക്കൽ കൺസേൺസ്" പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കാര്യോത്തര അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.106/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/01/2020

---

പരാമർശം:- 1 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് & പഞ്ചായത്തി രാജിൽ നിന്നുള്ള 01.10.19-ലെ CWE/Trg/Assets/PA/2019-20 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 19.10.19, 15.11.19 തീയതികളിലെ J2-12838/19 നമ്പർ കത്തുകൾ

ഉത്തരവ്

2019 ഒക്ടോബർ 21-25 തീയതികളിൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് & പഞ്ചായത്തി രാജിൽ സംഘടിപ്പിച്ച "ട്രെയിനിംഗ് പ്രോഗ്രാം ഓൺ അസറ്റ് ക്രിയേഷൻ അണ്ടർ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആന്റ് സോഷ്യോ-ഇക്കോളജിക്കൽ കൺസേൺസ്" എന്ന പരിശീലന പരിപാടിയിലേക്ക് പരാമർശം (1) പ്രകാരം നാമനിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നു.

2) പരാമർശം (2)-ലെ കത്തുകൾ പ്രകാരം ശ്രീ.കെ.വി.കുര്യാക്കോസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഇടുക്കി), ശ്രീമതി. ടിമ്പിൾ മാഗ്ഗി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (വയനാട്) എന്നിവരെ നാമനിർദ്ദേശം ചെയ്യുകയും പ്രസ്തുത ഉദ്യോഗസ്ഥരുടെ പങ്കാളിത്തം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. ഇതിനായുള്ള യാത്രാച്ചെലവുകൾ കില വഹിച്ചതായും അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ഒക്ടോബർ 21-25 തീയതികളിൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് & പി.ആർ.-ൽ നടന്ന "ട്രെയിനിംഗ് പ്രോഗ്രാം ഓൺ അസറ്റ് ക്രിയേഷൻ അണ്ടർ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആന്റ് സോഷ്യോ-ഇക്കോളജിക്കൽ കൺസേൺസ്" എന്ന പരിശീലന പരിപാടിയിൽ പഞ്ചായത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീ.കെ.വി.കുര്യാക്കോസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഇടുക്കി), ശ്രീമതി. ടിംമ്പിൾ മാഗ്ഗി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (വയനാട്) എന്നിവർ പങ്കെടുത്ത നടപടിയ്ക്ക് കാര്യോത്തര അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന ആർ പി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എ. / ജി.& എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.